17

## ദൈവം

# കൃപയാൽ രക്ഷിക്കപ്പെടുക എന്നാൽ അർത്ഥമെന്ത്?

“അത്ഭുത കൃപ” എന്ന ഗീതം മരിച്ചുപോയ ഇറാ നോർത്തിനു വലിയ ഇഷ്ടമായിരുന്നു, അദ്ദേഹം നിസ്വാർത്ഥമായി ദൈവരാജ്യ വ്യാപ്തിക്കായി തന്റെ ജീവിതം ഉഴിഞ്ഞു വെച്ചിരുന്നു. “അത്ഭുത കൃപ” എന്ന അദ്ദേഹത്തിന്റെ ബൈബിൾ ക്ലാസ്സുകൾ തുടങ്ങിയതിൽ പഠിച്ച ആയിരക്കണക്കിനു ആളുകളെ നേരിൽ ഇറാ കണ്ടിട്ടില്ലെങ്കിലും ശ്രേഷ്ഠമായ ദേശത്തു ചെല്ലുമ്പോൾ തീർച്ചയായും കാണാം.

മൂന്നു നൂറ്റാണ്ടുകളിലൂടെ ആയിരക്കണക്കിനു ആളുകളുടെ ഹൃദയങ്ങളിൽ, “അത്ഭുത കൃപ” എത്തിയിട്ടുണ്ട്. “മനസിലാക്കിക്കൊണ്ടു” ആ വരികൾ പാടുന്നവർ പിതാവിന്റെ ഹൃദയ വിശാലതയിൽ വാസ്തവത്തിൽ അത്ഭുതപ്പെടും. തീർച്ചയായും, പാട്ടു അവസാനിക്കുമ്പോൾ ഓരോ ആരാധകനും താഴ്ന്നു, നന്ദിയോടെ, പ്രതികരിക്കയും, കൂടുതൽ സമർപ്പിക്കപ്പെടുകയും ചെയ്യും.

ഈ പാട്ടിന്റെ രചയിതാവു, ഏഴു വയസ്സിൽ അമ്മയില്ലാതാകുകയും പതിനൊന്നാമത്തെ വയസിൽ നാവികജോലിയിൽ ചേരുകയും ചെയ്തു. പെട്ടെന്നു അവന്റെ ജീവിതം മോശമായി, ദൂഷകനും, സംശയാലുവുമായി. ആഫ്രിക്കയിൽ നിന്നു ഇംഗ്ലണ്ടിലേക്കുള്ള ഒരു യാത്രയിൽ, വലിയൊരു കൊടുങ്കാറ്റടിച്ചു, നാവികരെല്ലാം ജീവൻ പോകുമെന്ന നിരാശയിലായി. കപ്പൽ ആടിക്കൊണ്ടിരുന്നപ്പോൾ, അവൻ തന്റെ പാപജീവിതത്തെക്കുറിച്ചും നാശത്തെക്കുറിച്ചും ചിന്തിച്ചു. കപ്പൽ നേരെ ആയ

പ്പോൾ അവൻ പ്രാർത്ഥിക്കുവാൻ തുടങ്ങി. അവൻ ഒരു മാറിയ മനുഷ്യനായി.

ഇംഗ്ലണ്ടിൽ, ന്യൂട്ടൻ ബൈബിൾ പഠിക്കുവാൻ തുടങ്ങി. പിന്നെ, ഒരു കപ്പലിന്റെ കപ്പിത്താൻ എന്ന നിലയിൽ, അടിമകളെ ആഫ്രിക്കയിൽ നിന്നു സൗത്ത് കരോളിനിലെ ചാൾസ്ടണിലേക്കു കൊണ്ടുപോകുന്ന ജോലി അദ്ദേഹത്തെ ഏല്പ്പിച്ചു. ആ മനുഷ്യത്വരഹിതമായ പ്രവൃത്തിയിൽ മനം നൊന്തു അദ്ദേഹം തന്റെ ജോലി രാജി വെച്ചു, അതിനെതിരായി ഒരെഴുത്തും അദ്ദേഹം എഴുതി. വീണ്ടും അദ്ദേഹം ഇംഗ്ലണ്ടിലെ ലിവർപൂളിൽ ഒരു ഓഫീസ് ക്ലാർക്കായി ജോലി തുടങ്ങി, സഭയിൽ പോകുവാനും തുടങ്ങി. മുപ്പത്തി – ഒമ്പതാം വയസ്സിൽ അദ്ദേഹം പ്രസംഗിക്കുവാൻ തുടങ്ങി, നാൽപ്പത്തി – മൂന്നു വർഷം അദ്ദേഹം പ്രസംഗിച്ചു. അദ്ദേഹത്തിന്റെ എഴുത്തുകളിലെ ഒന്നാണ് ഈ മനോഹരമായ പാട്ട്:

> അത്ഭുതകൃപ! എത്ര മധുരശബ്ദം!
> അതു എന്നെപോലെ ഒരു വൃത്തി കെട്ടവനെ രക്ഷിച്ചു!
> ഒരിക്കൽ ഞാൻ നഷ്ടപ്പെട്ടവനായിരുന്നു, എന്നാൽ ഇപ്പോൾ ഞാൻ
> കണ്ടെടുക്കപ്പെട്ടു; അന്ധനായിരുന്നു, എന്നാൽ ഇപ്പോൾ കാണുന്നു.
>
> 'കൃപ എന്നെ ഭയപ്പെടുവാൻ പഠിപ്പിച്ചു,
> കൃപ എന്റെ ഭയത്തെ നീക്കി.
> ആ കൃപ വന്നു എന്നെ ആദ്യം
> ആശ്വസിപ്പിച്ചതു എത്ര വിലയേറിയത്!
>
> പല പ്രലോഭനങ്ങളിലൂടെ, അദ്ധ്വാനത്തിലൂടെ, അപകടങ്ങളിലൂടെ
> ഞാൻ കടന്നു വന്നു.
> 'ഇതുവരെ സുരക്ഷിതമായി എന്നെ എത്തിച്ചതു കൃപയാണ്,
> കൃപ എന്നെ വീട്ടിലെത്തിക്കും.
>
> നാം അവിടെ പതിനായിരം വർഷങ്ങൾ ഉണ്ടായിരുന്നപ്പോൾ,
> സൂര്യനെപോലെ പ്രകാശിച്ചുകൊണ്ടിരുന്നു,
> നാം ആദ്യം ആരംഭിച്ചതിൽ നിന്നു
> ദൈവത്തെ സ്തുതിച്ചു പാടുവാൻ ദിവസങ്ങൾ കുറവായിരുന്നില്ല.[1]

അദ്ദേഹത്തിനു എൺപത്തി – രണ്ടു വയസായപ്പോൾ പ്രസംഗിക്കുന്നതു നിർത്തണമെന്നു പറഞ്ഞപ്പോൾ, ന്യൂട്ടൻ പറഞ്ഞു, "സംസാരിക്കുവാൻ കഴിയുമ്പോൾ ഈ ആഫ്രിക്കൻ ദൂഷകൻ അതു നിർത്തണോ?" ലണ്ടനിൽ താൻ ഉപദേഷ്ടാവായിരുന്ന സഭാ മന്ദിരത്തിൽ ഒരു സ്മരണക്കുറിപ്പ് വെക്കുവാൻ ഇങ്ങനെ എഴുതിക്കൊടുത്തു:

> ക്ലർക്ക്, ആഫ്രിക്കയിലെ അടിമകളുടെ ദാസൻ ആയിരുന്ന ജോൺ
> ന്യൂട്ടനെ, നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു
> വിന്റെ കരുണയാൽ, കാത്തു പരിപാലിക്കയും, പുനരേകീകരിക്ക

യും, ക്ഷമിക്കപ്പെടുകയും, ഒരിക്കൽ നശിപ്പിക്കുവാൻ ശ്രമിച്ച വിശ്വാസത്തെ പ്രസംഗിക്കുവാൻ നിയമിക്കപ്പെടുകയും ചെയ്തു.

**കൃപയുടെ ഉദാഹരണങ്ങൾ**

പുതിയനിയമത്തിലെ ഏറ്റവും വലിയ വാക്കായ, *അഗാപ്പെ*, അതിൽ *ചാരിസ്* – കൃപ, അനർഹമായ ഉപഹാരം അടങ്ങിയിട്ടില്ലെങ്കിൽ അതു തെറ്റായി ഉപയോഗിക്കുകയായിരിക്കും. ദൈവസൃഷ്ടിയുടെ അതിരില്ലാത്ത മനോഹാരിതയും വിസ്തൃതിയും കാണുമ്പോൾ ഞാൻ സന്തോഷിക്കുന്നു ("ആകാശവും ഭൂമിയും"; ഉൽപത്തി 1:1), എന്നാൽ ദൈവം അതു എനിക്കു ഉണ്ടാക്കി തരേണ്ട ആവശ്യമില്ല. അവന്റെ കൃപയാലായിരുന്നു അവൻ അതു ചെയ്തതു. ഞാൻ ജീവിക്കുന്നവൻ ആയതു കൊണ്ടു സന്തോഷിക്കുന്നു – അതെ, ദൈവത്തിന്റെ ലോകത്തിലെ സൃഷ്ടികളിൽ മുഖ്യമായിട്ടു തന്നെ – എന്നാൽ ആ ജീവൻ നൽകുവാൻ അവനു ഒരു കടപ്പാടും ഇല്ല. എനിക്കു ലഭിച്ചത് അല്ലാതെ എന്തുണ്ട്? (1 കൊരിന്ത്യർ 4:7 നോക്കുക.) വീണ്ടും, "ഞാൻ ആകുന്നത് ദൈവകൃപയാലാണ്" എന്നു ഞാൻ സമ്മതിക്കനം (1 കൊരിന്ത്യർ 15:10).

പഴയനിയമത്തിലെ ഏറ്റവും വലിയ വാക്കായ *ഹെസേദ്* കൃപ അടങ്ങിയിട്ടില്ലെങ്കിൽ അതു വെറും പുറംതോടു മാത്രമായിരിക്കും. പ്രകൃതി ശക്തിയാൽ, *ഹെസേദ്* എന്നാൽ "കുനിയുക, ചായുക" എന്നാണ്. പാപത്താൽ, കുണ്ഠിതപ്പെട്ടു, കോപിച്ചിരുന്ന കയിന്റെ അടുക്കലേക്കു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്ന, പിതാവിന്റെ മനോഭാവം പരിശോധിച്ചാൽ, വിലയേറിയതായി ഒരാൾക്കു കാണാം. എല്ലാ അവകാശങ്ങളാലും അനുസരണക്കേടിലായിരുന്ന കയീനെ പ്രപഞ്ചത്തിന്റെ തിരക്കുള്ള ദൈവത്തിനു വിട്ടു കളയാമായിരുന്നു. എങ്ങനെയായാലും, കൃപ അവകാശങ്ങളേക്കാൾ ഉയർന്നതാണ്. ഇറങ്ങി വന്നു ഒരാൾക്കു വേണ്ടി പ്രവർത്തിക്കുവാൻ പിതാവിനെ പ്രേരിപ്പിച്ചത് കൃപയായിരുന്നു. "അപ്പന്നു മക്കളോടു കരുണ തോന്നുന്നതുപോലെ യഹോവെക്കു തന്റെ ഭക്തന്മാരോടു കരുണ തോന്നുന്നു. അവൻ നമ്മുടെ പ്രകൃതി അറിയുന്നുവല്ലൊ. നാം പൊടി എന്നു അവൻ ഓർക്കുന്നു" (സങ്കീർത്തനങ്ങൾ 103:13, 14).

പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവത്തിന്റെ മനോഭാവം ഒന്നു തന്നെയാകയാൽ ("യഹോവയായ ഞാൻ, മാറാത്തവൻ, ..."; മലാഖി 3:6), ലൂക്കൊസ് 15 ൽ നഷ്ടപ്പെട്ട ഒരു മകനെ ഒരു ഉപമയിലൂടെ വരച്ചു കാണിച്ചിരിക്കുന്നതിൽ അതിശയിക്കയില്ല. ഒരു പിതാവിന്റെ മനസലിവോടെ ഓടി, കുനിഞ്ഞു, അഴുക്കുള്ള, മുഷിഞ്ഞ, ചെരുപ്പില്ലാത്ത, പാപിയായ മകന്റെ അടുത്തുചെന്നു ചുംബിച്ചു എന്ന ഭാഗത്തു ഉപയോഗിച്ചിരിക്കുന്ന (ഗ്രീക്കിൽ "മച്ച്" എന്ന വാക്കാണ്, വാക്യം 20). കർശനമായ നീതി കുനിയുകയില്ല, എന്നാൽ കൃപ കുനിയും.

കൃപ ജഡമായിത്തീർന്ന വ്യക്തിയായിരുന്നു യേശു. അവൻ "യെരുശലേമിലേക്കു പോകുവാൻ തീരുമാനിച്ചു"; അവൻ ക്രൂശിനെ സഹിക്കുകയും, കുലപാതകികളാലുള്ള നിന്ദയും ലജ്ജയും ഏറ്റു അവർക്കു വേണ്ടി അപേക്ഷിച്ചു, "പിതാവേ, ഇവർ ചെയ്യുന്നതു എന്ത് എന്നു അറി

യായ്കയാൽ ഇവരോടു ക്ഷമിക്കേണമേ" (ലൂക്കൊസ് 9:51; 23:34; എബ്രായർ 12:2). ഓരോരുത്തരും ക്രൂശിൻകീഴിലെ ഇരുട്ടിൽ കുറെ സമയം ചെലവിടണം (യോഹന്നാൻ 19:25-27 വരെ പറയുന്ന ആളുകളെപോലെ). ആ സന്ദർഭം നേരിട്ടാൽ കാൽവരിയിൽ ദൈവം നിയമം അടിച്ചേൽപ്പിച്ചുവെന്നോ, അല്ലെങ്കിൽ പാപികൾ ദൈവവുമായി രക്തത്താൽ - മുദ്രയിട്ട ദാസ്യ സഖ്യം ചെയ്യുകയാണെന്നോ പറയുകയില്ല. പകരം, പാപികൾ തന്റെ മക്കൾ ആകുവാനുള്ള വാഞ്ഛയാണ് കാണുന്നത്. ദൈവത്തോടുള്ള "ദാസ്യസഖ്യം" ഉണ്ടാവുന്നതാണ് അത്. "കാൺമീൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ട് നമ്മെയും അറിയുന്നില്ല'' (1 യോഹന്നാൻ 3:1).

ക്രൂശിനെ കേൾക്കുന്നവർ പാപികളോടു തന്റെ രക്തത്താൽ ശുദ്ധീകരിപ്പാൻ ഒരു ജ്യേഷ്ഠ സഹോദരൻ പറയുന്നതു കേൾക്കുന്നതുകൊണ്ടു "അതു ഹേതുവായി അവൻ അവരെ സഹോദരന്മാർ എന്നു വിളിപ്പാൻ ലജ്ജിക്കുന്നില്ല" (എബ്രായർ 2:11).

## കൃപ അവമാനിക്കപ്പെട്ടു

### രക്ഷാപ്രവൃത്തികളോ?

ചിലർ കൃപയോടു യോഗ്യതാപ്രവൃത്തികൾ ചേർത്തുകൊണ്ട്, രക്ഷക്കു മാനുഷപ്രവൃത്തികൾ വേണമെന്ന ചിന്തയാൽ കൃപയുടെ സുഗന്ധമുള്ള ഇതളുകളെ ചവുട്ടി അരച്ചിരിക്കയാണ്. റോമൻ കത്തോലിക്കർക്ക് ഒരു ഔദ്യോഗിക "യോഗ്യതാ നിധി" ഉണ്ട്, അവിടെയാണ് സൽപ്രവൃത്തികളാൽ ദുഷ്പ്രവൃത്തികളെ നീക്കം ചെയ്യുന്നത്, അതു "ശുദ്ധീകരണ'' സ്ഥലത്തുള്ള കാലം കുറക്കുന്നു. വിശ്വസ്തരായ കത്തോലിക്കർക്ക് തീർത്ഥാടനങ്ങളും കൂദാശകളും "കൃപ ലഭിക്കുവാൻ" ഇടയാക്കുന്നു. എന്നാൽ പുതിയനിയമത്തിൽ നേരെ മറിച്ചാണ്, യോഗ്യതാ പ്രവൃത്തികളാലല്ല, രക്ഷ കൃപയാലാണ്. "കൃപയാലെങ്കിൽ പ്രവൃത്തി യാലല്ല, അല്ലെങ്കിൽ കൃപ കൃപയല്ല'' (റോമർ 11:6).

ഒരർത്ഥത്തിൽ, ഒരാൾ തന്റെ രക്ഷക്കു വേണ്ടി "പ്രവർത്തിക്കണം" (ഫിലിപ്പിയർ 2:12); മറ്റൊരർത്ഥത്തിൽ, സ്വർഗ്ഗത്തിലേക്കു പോകുവാൻ ഒരാൾക്കു ചെയ്യാവുന്ന പ്രവൃത്തികൾ ഒന്നുമില്ല. "അവ്വണ്ണം നിങ്ങളോടു കൽപ്പിച്ചതു ഒക്കെയും ചെയ്തശേഷം 'ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാർ, ചെയ്യേണ്ടതേ ചെയ്തിട്ടുള്ളു എന്നു നിങ്ങളും പറവിൻ'" (ലൂക്കൊസ് 17:10).

### കൃപ മാത്രമോ

ദൈവത്തിന്റെ രക്ഷിക്കുന്ന കൃപ പ്രത്യേകതയുള്ളതാണ്, എങ്കിലും ദൈവിക കൃപയോടൊപ്പം ചില പ്രവൃത്തികളും ആവശ്യമാണ്. കൃപയാൽ മാത്രമാണ് രക്ഷ എന്നു ബൈബിൾ പഠിപ്പിക്കുന്നുവെങ്കിൽ,

പിന്നെ ആരും നഷ്ടപ്പെടുവാനിടയില്ല, കാരണം "ദൈവകൃപയാൽ" യേശുക്രിസ്തു എല്ലാവർക്കും വേണ്ടി മരിച്ചു (എബ്രായർ 2:9). മനുഷ്യപ്രതികരണം കൃപയോടുകൂടെ പ്രവർത്തിക്കണം. ദൈവകൃപ ഹാഗാറിനു വെള്ളമുള്ള ഒരു കിണർ നല്കി, എന്നാൽ അവൾ ചിലതു ചെയ്യേണ്ടിയിരുന്നു അല്ലെങ്കിൽ അവളുടെ ത്വക്ക് വരണ്ടു മരിക്കുമായിരുന്നു: അവൾ "ചെന്നു തുരുത്തിയിൽ വെള്ളം നിറച്ചു ..." (ഉല്പ്പത്തി 21:19).

ദൈവത്തിന്റെ കൃപാപ്രവൃത്തികൾ മാത്രമല്ല, യിസ്രായേലിനെ ചെങ്കടൽ കടത്തിയത്. അവർ അതിലൂടെ നടക്കേണ്ടിയിരുന്നു, ഫറവോനു അവന്റെ പ്രവൃത്തികളൊന്നും കാരണമായില്ല. അവർക്കു പാടുവാൻ കഴിഞ്ഞു, "കൃപയാലല്ലൊ നിങ്ങൾവിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു, ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല" (എഫെസ്യർ 2:8, 9).

അതുകൊണ്ടു ഒരു പാപി സ്നാനപ്പെട്ടു വെള്ളത്തിൽ നിന്നു കയറുമ്പോൾ: അയാൾ തന്റെ പ്രവൃത്തിയിലോ രക്ഷ നേടുന്നതിലോ പ്രശംസിക്കയില്ല. കൃപയാലാണ്, അല്ലാതെ തന്റെ പ്രവൃത്തിയാലല്ല നീതീകരിക്കപ്പെട്ടതെന്ന് അയാൾക്കറിയാം (തിത്തൊസ് 3:5–7). അനുസരണക്കേടിലുള്ളവരെ കൃപ ഒരിക്കലും നീതീകരിക്കയില്ല (യോഹന്നാൻ 3:36; എബ്രായർ 5:9).

**സ്നാന - ശേഷം കൃപയോ?**

ചില ഉപദേഷ്ടാക്കന്മാർ സ്നാനശേഷം ക്രസ്ത്യാനിക്കു ഒന്നും ചെയ്യേണ്ടതില്ല എന്നു പറഞ്ഞു കൃപയെ തെറ്റായി ഉപയോഗിക്കുന്നുണ്ട്. അവർ പറയുന്നത്, പ്രവൃത്തികളുടെ പുസ്തകശേഷം "ഒരു കൂട്ടം സ്നേഹ ലേഖനങ്ങളും; കൃപ എല്ലാം നോക്കുന്നതായും ആണ്." അവർ "ന്യായപ്രമാണം" എന്നതു എല്ലാ കാലത്തെയും പ്രയോഗമാണെന്നു തിരിച്ചറിയാതെ ആ വാക്കിനെ അവർ വെറുക്കുകയാണ് (ഉൽപത്തി 18:19; സങ്കീർത്തനങ്ങൾ 119:97; റോമർ 8:2) എന്നാൽ അതു വിശുദ്ധവും, നീതിയുള്ളതും, നല്ലതുമാണ് (റോമർ 7:12). കൃപ നിയമത്തിലൂടെയാണ് പ്രവർത്തിക്കുന്നതു എന്ന കാര്യം അവർ തിരിച്ചറിയുന്നില്ല (തിത്തൊസ് 2:11 –15).

റോമർ 6:14 ലും ഗലാത്യർ 5:18 ലും "ന്യായപ്രമാണം"[4] എന്ന വാക്ക് അവർ തെറ്റായി ഉപയോഗിച്ചിരിക്കുന്നത് മറ്റു പല പുതിയനിയമ ഭാഗങ്ങളും ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ന്യായപ്രമാണത്തിൻകീഴിലാണ് എന്നു പറഞ്ഞിരിക്കുന്നതിനു വിരുദ്ധമാണ് (യെശയ്യാവു 2:1–4; യിരെമ്യാവു 31:31–34; റോമർ 3:27; 8:2; 1 കൊരിന്ത്യർ 9:21; ഗലാത്യർ 6:2; യാക്കോബ് 2:12). "അക്ഷരമായി എഴുതപ്പെട്ട" പഴയ നിയമത്തിൽ നിന്നു ക്രിസ്ത്യാനികൾ സ്വതന്ത്രരായി എന്നു ഈ ഉപദേഷ്ടാക്കന്മാരെല്ലാം പറഞ്ഞിരിക്കുന്നു. "സ്നേഹം ന്യായപ്രമാണത്തെനിറവേറ്റുന്നതുകൊണ്ടുണ്ടു" (റോമർ 13:10; നോക്കുക ഗലാത്യർ 5:14), അവർ പറയുന്നതു, ക്രിസ്ത്യാനികൾക്കു സ്നേഹമല്ലാതെ, മറ്റൊരു നിയമമില്ല എന്നാണ്.

അതു "എഴുതപ്പെട്ട പ്രമാണത്തിൽ" ഇല്ല. അവരുടെ സിദ്ധാന്തമനുസരിച്ചു അവർക്കു സ്നാനത്തെയോ കർത്തൃമേശയെയോ സംബന്ധിച്ചു ഒരേവിധത്തിൽ പഠിപ്പിക്കുവാൻ കഴിയുന്നില്ല, കാരണം "സ്നേഹം" എന്ന വാക്കിൽ ഈ വിഷയങ്ങൾ വരുന്നില്ല.

യുക്തിപരമായി, ഈ ഉപദേഷ്ടാക്കന്മാർ സ്നേഹ – ധാർമ്മികരായവർ പറയുന്നത് സ്നേഹം ലക്ഷ്യമാക്കുന്നുവെങ്കിൽ ഒരു പ്രവൃത്തിയും തെറ്റായിരിക്കയില്ല – ഭ്രൂണഹത്യയോ ദയാവധമോ പോലും തെറ്റായിരിക്കയില്ല. ഒന്നും അതിൽ തന്നെ തെറ്റില്ല എന്നാണവരുടെ വാദം: "പൂർണ്ണമായതു," ഒന്നുമില്ല എന്നു ജൂലിയൻ ഹക്സ്ലേ പറഞ്ഞു. സന്ദർഭം മാറുന്നതനുസരിച്ചു തീരുമാനങ്ങളും മാറും എന്നാണ് ഡോ. ഹാർവെ കോക്സിന്റെ പക്ഷം. "നല്ലതെന്നു തോന്നുന്നു എങ്കിൽ, അതു ചെയ്യുക." ഈ ചിന്ത ആഭാസചിത്രവും, സ്വവർഗ്ഗരതിയും വിലക്കുന്നില്ല; അതു "വ്യഭിചാരം," "ദുർന്നടപ്പ്," "പാപം" എന്നീ വാക്കുകൾ തിരിച്ചറിയുന്നില്ല. "ലൈംഗികത ഒരു ധാർമ്മിക പ്രശ്നമല്ല" മറിച്ച്, മാനദണ്ഡം അതു സാമൂഹ്യമായി പ്രാവർത്തികമാണോ, അതു വ്യക്തിപരമായി ആരോഗ്യകരമാണോ, അതു മാനുഷ ജീവിതത്തിനു ധന്യമാണോ? എന്നതാണ് മിയാമി മനശ്ശാസ്ത്രജ്ഞനായ ഗ്രാൻവിലേ ഫിഷർ പറഞ്ഞത്. അങ്ങനെ സ്നേഹത്തിന്റെ വിശുദ്ധ ഉപദേശം കൃപയെ തെറ്റായി ഉപയോഗിച്ച് തന്നിഷ്ടത്തിലേക്കും അധാർമ്മികതയിലേക്കും നീങ്ങുന്നു.

സത്യത്തിൽ എഴുതപ്പെട്ട ഒരു പ്രമാണം ക്രിസ്ത്യാനികൾക്കുണ്ട്: പുതിയനിയമം. ദൈവത്തെ അറിയുന്നു എന്നു പറയുകയും അവന്റെ കല്പനകൾ പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ "കള്ളനാകുന്നു" (1 യോഹന്നാൻ 2:4) അവന്റെ കല്പനകൾ പുതിയ നിയമത്തിലല്ലാതെ മറ്റൊരിടത്തുമില്ല (നോക്കുക മത്തായി 10:40; ലൂക്കൊസ് 10:16; യോഹന്നാൻ 16:13). ഉൾനട്ടതായ വചനം (യാക്കൊബ് 1:21) ശരിയായി – ചിന്തിക്കുന്ന ഒരാൾ സൗമ്യതയോടെ കൈക്കൊള്ളുകയും, അതിനെ തള്ളിക്കളയാതിരിക്കയും ചെയ്യും.

ശരിയായി മനസിലാക്കിയ, അഗസ്റ്റീന്റെ വാക്കുകൾ സത്യവും മനോഹരവുമത്രേ: "സ്നേഹിച്ചു നിങ്ങൾക്ക് ഇഷ്ടമുള്ളതു ചെയ്യുക." സ്നേഹ ധാർമ്മികരും ഉപദേഷ്ടാക്കന്മാരും എഴുതപ്പെട്ടകല്പനകൾ ഇല്ലാതെ അയാൾ പറഞ്ഞതു സ്നേഹ – ധാർമ്മികത എന്ന പേരിൽ എടുത്തിരിക്കുകയാണ്. അഗസ്റ്റിൻ പറഞ്ഞ സ്നേഹം പ്രാഥമികമായി ഉയർന്നതും, അതു ദൈവത്തിൽ ആരംഭിച്ചു ബൈബിളിനെ ബഹുമാനിക്കുന്നതിൽ എത്തിച്ചേരുന്നു. അയാളുടെ ചിന്തയനുസരിച്ചു, ഒരാൾ ചെയ്യേണ്ടതുപോലെ ദൈവത്തെ സ്നേഹിച്ചാൽ, അയാൾ ദൈവത്തിന്റെ എല്ലാ കല്പനകളെയും ബഹുമാനിക്കും. ഒരാളുടെ ശ്രദ്ധ ഏറ്റവും ഉയർന്ന സ്നേഹത്തിലാണെങ്കിൽ, ദൈവം അംഗീകരിക്കുന്നതിനെ എല്ലാം ചെയ്യുവാൻ അയാൾ "തയ്യാറാകും," ദൈവം വിലക്കിയിരിക്കുന്നതും ഒന്നും ചെയ്യാതിരിക്കയും ചെയ്യും. ക്രിസ്ത്യാനിയുടേതു ദൈവേഷ്ടമാകും. ഒരാൾ വാസ്തവത്തിൽ ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ, അവന്റെ ഇഷ്ടം ദൈവത്തെ പൂർണ്ണമായി അനുസരിക്കുക എന്നതായിരിക്കും. തന്റെ "എല്ലാം" ക്രിസ്തു ആയിത്തീരും (കൊലൊസ്യർ 3:11), കാരണം

"പഴയ മനുഷ്യൻ" മരിക്കുകയും (റോമർ 6:6; എഫെസ്യർ 4:22), "അവന്റെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുകയും ചെയ്യുന്നു" (കൊലൊസ്യർ 3:3). അവൻ തന്റെ ജീവിതത്തെ മുഴുവൻ നിയന്ത്രിക്കുവാൻ ദൈവത്തെ അനുവദിക്കുന്നു. "നമ്മുടെ ആത്മാക്കൾക്കു ദൈവത്തിൽനിന്നു വിശ്രമം ലഭിക്കുന്നതു വരെ വിശ്രമമേയില്ലാതിരിക്കുന്നു." അങ്ങനെ മനസിലാക്കിയാൽ, അവനു ഇഷ്ടമുള്ളതു ചെയ്യാം.

**പാപങ്ങളൊന്നും ഏറ്റു പറയേണ്ടേ?**

ചിലർ പറയുന്നത്, ദൈവത്തിന്റെ സൗജന്യ കൃപ ആഴവും വീതിയും ഏറിയതായതുകൊണ്ടു ക്രസ്ത്യാനി പാപങ്ങളെ ഏറ്റു പറയേണ്ടതില്ല എന്നാണ്, അങ്ങനെ ചെയ്താൽ, അയാൾ ദൈവത്തിന്റെ കൃപയിൽ വേണ്ടത്ര വിശ്വസിക്കുന്നില്ല എന്നു പറയും. ഒരു ഉപദേഷ്ടാവു എഴുതി:

> യേശുവിന്റെ രക്തത്താൽ പാപങ്ങളുടെ മോചനം ലഭിക്കുവാൻ ഉള്ള നിയമപരമായ ഏറ്റുപറച്ചിൽ അല്ല ഒന്നു യോഹന്നാൻ 1:9 പഠിപ്പിക്കുന്നത് ... ആ വേദഭാഗം പറയുന്നത് നാം പാപികളാണെന്നു സമ്മതിക്കണം എന്നാണെന്നു ഞാൻ വിശ്വസിക്കുന്നു. (*ഹോമോ ലോജിയോ* എന്ന ഗ്രീക്കു വാക്ക് തർജ്ജിമ - ചെയ്തതാണ് "ഏറ്റു പറച്ചിൽ" = "ഒരേ കാര്യം പറയൽ" അല്ലെങ്കിൽ "സമ്മതിക്കുക'') പാപികളാണെന്നു നാം സമ്മതിക്കുന്നു.

ഈ മനുഷ്യന്റെ ഏറ്റു പറയുവാനുള്ള വൈമുഖ്യതകൊണ്ടു അയാൾ ഗ്രീക്കു വാക്ക് *ഹോമോലോജിയോ* എന്നതു തെറ്റായി ഉപയോഗിച്ചു. ശ്രേഷ്ഠമായ സാഹിത്യ ഗ്രീക്ക് അർത്ഥമാക്കുന്നതു "സമ്മതിച്ചു കൊണ്ട്" എന്നാണെങ്കിലും പുതിയനിയമ എഴുത്തുകാരാരും ആ വിധത്തിൽ ഉപയോഗിച്ചിട്ടില്ല. മത്തായി 7:23-ൽ യേശു പറഞ്ഞപ്പോൾ ഉപയോഗിച്ചത് നേരെ എതിരായ അർത്ഥത്തിലാണ്: "ഞാൻ നിങ്ങളെ ഒരു നാളും അറിയുന്നില്ല" യോഹന്നാൻ 12:42-ൽ പ്രമാണിമാർ വിശ്വസിച്ചു എന്നാൽ അവർ സമ്മതിച്ചില്ല (*ഹോമോലോജിയോ*) എന്നു സാമാന്യബുദ്ധിയുള്ളവർ പറയുകയില്ല. പുതിയനിയമത്തിലെ പ്രധാന അർത്ഥം "ഏറ്റു പറയുക അല്ലെങ്കിൽ സമ്മതം അറിയിക്കുക," എന്നാണ്. ഒരാൾ ക്രിസ്തുവിനെ ഏറ്റു പറയുന്നതുപോലെ (റോമർ 10:9; 1 തിമൊഥെയൊസ് 6:12; 1 യോഹന്നാൻ 2:23; 4:15), പാപങ്ങൾ ഏറ്റു പറയുന്നതും (മത്തായി 3:6; യാക്കൊബ് 5:16; 1 യോഹന്നാൻ 1:9).

ഒരു ക്രിസ്ത്യാനിക്കു മാനസാന്തരവും ആശ്രയവുമായ മനോഭാവമുണ്ടെങ്കിൽ പാപമോചനം സ്വയമേ വരുമെന്നതു കൃപയെ തെറ്റായി ഉപയോഗിക്കുന്ന മറ്റൊന്നാണ്. "നാം പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ" (1 യോഹന്നാൻ 1:9) എന്നതിന്റെ അർത്ഥത്തോടു അവർ ഏറ്റുമുട്ടുകയാണ്., കൂടാതെ അതു ശലോമോന്റെ ജ്ഞാനത്തിനും എതിരാണ്: "തന്റെ ലംഘനങ്ങളെ മറെക്കുന്നവന്നു ശുഭം വരികയില്ല, അവയെ ഏറ്റു പറഞ്ഞു

ഉപേക്ഷിക്കുന്നവന്നോ കരുണ ലഭിക്കും" (സദൃശവാക്യങ്ങൾ 28:13).

ഏറ്റുപറച്ചിൽ കൂടാതെ ക്രിസ്ത്യാനിക്കു പാപമോചനം സ്വയമേ കിട്ടുന്നു എന്നു പറയുന്നവർ സദൃശവാക്യങ്ങൾ 28:13 നോടും 1 യോഹന്നാൻ 1:9 നോടും മാത്രമല്ല എതിർക്കുന്നത്, ലൂക്കൊസ് 11:4 നോടുമാണ്: "ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കേണമേ." എന്ന പ്രസ്താവന "യേശുവിന്റെ സാതൃകാ പ്രാർത്ഥനയിലെ ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളോടും ക്ഷമിക്കേണമെ എന്നതിൽ നിന്നു ഒഴിവാക്കിയിരിക്കുന്നു." ബന്ധം നിലനിൽക്കുന്നു പക്ഷെ, മറ്റുള്ളവരോടുള്ള ക്ഷമ സ്വയമേ വരുന്നില്ല. മറിച്ചു, അതു "അവൻ നിന്റെ വാക്ക് കേട്ടാൽ" (മത്തായി 18:15), "അവൻ മാനസാന്തരപ്പെട്ടാൽ" (ലൂക്കൊസ് 17:3), ആണ് വരുന്നത്. തെറ്റു ഏറ്റു പറയുന്നതിൽ നിന്നു ആ നിബന്ധനകൾ മാറ്റാവുന്നതല്ല.

**പാപങ്ങൾ ചുമത്തുന്നില്ലേ?**

പാപങ്ങളെ ഏറ്റു പറയുന്ന ക്രിസ്ത്യാനി കൃപയെ മനസിലാക്കുന്നില്ല എന്നു പറയുന്നതു ഞെട്ടിപ്പിക്കുന്നതാണ്. ആദ്യം തന്നെ പാപം അവരിൽ ചുമത്തുന്നില്ല എന്നു പറയുന്നത് അതിനേക്കാൾ ഞെട്ടിക്കുന്നതാണ്. ഈ ആശയം ആദ്യം പറഞ്ഞ പാപമോചനം സ്വയമേ വരുന്നു എന്നത് അനാവശ്യമാക്കുന്നു. ക്രിസ്ത്യാനികൾക്കെതിരെ പാപം ചുമത്തുന്നില്ലെങ്കിൽ പിന്നെ പാപമോചനത്തെക്കുറിച്ചു പറയുന്നതു തന്നെ വിഡ്ഢിത്തമാണ്. തെറ്റായി സുവിശേഷം അറിയിച്ചിരുന്ന ഒരു ഉപദേഷ്ടാവു എഴുതി, "റോമർ 4:8 പറയുന്നത് ഒരു മനുഷ്യൻ (ദൈവപൈതൽ) പാപം ചുമത്തപ്പെടാതിരിക്കുന്നു. അതെ, അങ്ങനെയുള്ള കൃപയിലാണ് ക്രിസ്ത്യാനികൾ ആയിരിക്കുന്നത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്."

ഈ സഹോദരനു റോമർ 4:8 അറിയില്ല. പൗലൊസ് സങ്കീർത്തനങ്ങൾ 32:1, 2 ഉദ്ധരിക്കയായിരുന്നു: "ലംഘനം ക്ഷമിച്ചും, പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ! യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ!" ഈ വാക്യങ്ങളിൽ ദാവീദ് പറയുന്നത് പാപം ആദ്യം ചുമത്തപ്പെട്ടവരും (2 ശമൂവേൽ 12:13), പിന്നീടു ക്ഷമിക്കപ്പെട്ടവരെയും കുറിച്ചാണ്. എങ്ങനെയായാലും, അവൻ തന്റെ പാപം ഏറ്റു പറയുന്നതുവരെ ക്ഷമിക്കപ്പെട്ടിരുന്നില്ല: "ഞാൻ യഹോവയോടു പാപം ചെയ്തിരിക്കുന്നു" (2 ശമുവേൽ 12:13); "എന്റെ അകൃത്യം മറെച്ചതുമില്ല ..." (സങ്കീർത്തനങ്ങൾ 32:5). അതുകൊണ്ടു റോമർ 4:8 പ്രയോഗിച്ചിരിക്കുന്നതു പാപം ഏറ്റു പറഞ്ഞ മനുഷ്യനെക്കുറിച്ചാണ് (1 യോഹന്നാൻ 1:9 ലേതുപോലെ). പാപത്തെ ഏറ്റു പറയാത്തവൻ "തന്റെ അകൃത്യത്തെ മറെക്കുന്നവനും" "ശുഭം വരാത്തവനും" ആണ് (സദൃശവാക്യങ്ങൾ 28:13 ലേതുപോലെ). ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല. പാപം ചെയ്യുന്ന ആരിലും അതു കണക്കിടാതിരിക്കുന്നില്ല (ദൈവ നിയമം ലംഘിക്കുന്നതാണ്; 1 യോഹന്നാൻ 3:4); പാപം ഏറ്റു പറഞ്ഞ ഒരു ക്രിസ്ത്യനിയിലും, പാപം അവനെതിരായി കണക്കിടുന്നില്ല.

**അതിരുള്ള മനുഷ്യൻ കൃപയെ പരിമിതപ്പെടുത്തുവാൻ തുനിയുന്നുവോ?**

ദൈവകൃപ ചെയ്യുന്നതും ചെയ്യാത്തതും എന്തൊക്കെ ആണെന്നു ആർക്കും അറിയില്ല എന്നു വാദിച്ചിട്ടുണ്ട്. ആ ചിന്ത ക്രിസ്തീയാരാധനയിൽ ഉപകരണങ്ങൾ കൊണ്ടുവരുവാൻ കാരണമായി. എങ്ങനെയായാലും, അതേ ചിന്തയാൽ വിശുദ്ധ ജലം, ധൂപക്കുറ്റി വീശൽ, സ്വവർഗ്ഗരതി അംഗീകരിക്കൽ തുടങ്ങി പലതും വന്നു ചേർന്നു! ഒരാൾ ബൈബിൾ പഠിച്ചാൽ ദൈവ കൃപ എന്തു ചെയ്യും ഏന്തു ചെയ്യാതിരിക്കും എന്നു മനസിലാകും: ഏറ്റു പറഞ്ഞ എല്ലാ പാപവും ക്ഷമിക്കും, ഏറ്റു പറയാത്തതു ക്ഷമിക്കയുമില്ല (1 യോഹന്നാൻ 1:9).

അറിയാതെ ഒരാൾ പാപം ചെയ്താലോ? അജ്ഞതക്കു ഒഴികഴിവില്ല (ലേവ്യാപുസ്തകം 5:17), എന്നാൽ സ്നെഹവും, നീതിയും, ന്യായവുമുള്ള ദൈവം അവർക്കു ഇളവു കൊടുക്കും(ലൂക്കൊസ് 12:47, 48; 1 തിമൊഥെയൊസ് 1:13). ഒരു ബുദ്ധിയുള്ള മനുഷ്യൻ ദിവസേന "സത്യം അറിയുവാൻ" (യോഹന്നാൻ 8:32) തിരുവെഴുത്തു പരിശോധിക്കുകയും (പ്രവൃത്തികൾ 17:11), മനപ്പൂർവ്വമല്ലാത്ത പാപങ്ങൾ ക്ഷമിക്കേണ്ടതിന്നു പ്രാർത്ഥിക്കയും ചെയ്യും: "മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കേണമേ" (സങ്കീർത്തനങ്ങൾ 19:12). അവൻ പാപം ചെയ്യാതിരിപ്പാൻ പരമാവധി ശ്രമിക്കും (1 യോഹന്നാൻ 3:9).

**ഉപസംഹാരം**

സഭക്കകത്തോ അല്ലെങ്കിൽ പുറത്തോ അനുസരിക്കാത്തവരുടെ പാപങ്ങൾ ദൈവകൃപ മറെച്ചുകളയും എന്ന ഉപദേശം തിരുവെഴുത്തിനെ ബലാൽക്കാരം ചെയ്യലാണ്. സുവിശേഷം അനുസരിക്കയും, തുടർന്നു പാപങ്ങൾ ഏറ്റു പറഞ്ഞു, രക്ഷകനായ ക്രിസ്തു മുഖാന്തരം അനുഗ്രഹിക്കപ്പെടുകയും പാപങ്ങൾ മറെക്കപ്പെടുകയും ചെയ്തതുകൊണ്ടു ക്രിസ്ത്യാനികൾ എത്ര നന്ദിയുള്ളവരാകണം.

പാറ്റ് ഫ്ളാനിഗൻ പറഞ്ഞതു പോലെ, "അർഹിക്കാത്തത് ലഭിക്കുന്നതാണ് കൃപ. കരുണയോ നമുക്ക് അർഹമായതു ലഭിക്കാതിരിക്കുന്നതാണ്."

---

കുറിപ്പുകൾ

[1]ജോൺ ന്യൂട്ടൻ, "അത്ഭുത കൃപ," *സോങ്ങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്*, കോമ്പ്, ആന്റ് എഡ്. ആൾട്ടൻ എച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ളിഷിങ്ങ് കമ്പനി., 1994). [2]ഹാൽഡർ ലില്ലേനാസ്, "വണ്ടർഫുൾ ഗ്രെയിസ് ഓഫ് ജീസസ്," *സോങ്ങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രയിസ്,* കോമ്പ്. ആന്റ് എഡ്. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ളിഷിങ്ങ് കമ്പനി., 1994). [3]ഏ. എമ്. റ്റോപ്ലാഡി, "റോക്ക് ഓഫ് ഏജസ്" പകർപ്പവകാശം1993 ബൈ ഹോവാർഡ് പബ്ളിഷിങ്ങ് കമ്പനി.,

ഇൻക്. പകർപ്പവകാശം അടക്കം എല്ലാ പകർപ്പവകാശങ്ങളും ലഭിച്ചിരിക്കുന്നു. ‘“അനാർത്ഥ്റസ്” ആർട്ടിക്കിൾ ഇല്ലാത്ത വാക്കിനെയാണ് സൂചിപ്പിക്കുന്നത് മറ്റൊരർത്ഥത്തിൽ “അനാർത്ഥ്റസ് ന്യായപ്രമാണം” എന്നത് “പ്രമാണം” മാത്രമാണ്, അതു “ന്യായപ്രമാണം” എന്നതിനു എതിരാണ്.

© 2009 Truth for Today